

ജയ്മാരുതിയുടെ

# ലോട്ടറിടിക്കറ്റ്

സംവിധാനം: A. B. രാജ്

No. 4

A. K. VARGHESE,
JOLY BOOK STALL,
KUDY, Kerala

# ലോട്ടറി ടിക്കററ്

## (മലയാളം)

കഥാസൂചന:—

ഇന്നെവിടെയും കേരംക്കുന്നതാണീ പേരു്. നാടിന്റെ നന്മക്കുവേണ്ടി നേരിയ തോതിലെങ്കിലും എല്ലാവരും ഇതിൽ പങ്കുചേരുന്നു. ചെറിയതിലൂടെ വലിയ നേട്ടം! ഈ പഴുതിലൂടെ കോട്ടവും വളരുന്നുണ്ടു്. സമകാലീനമായ ഈ സംഭവങ്ങരം പുതുമയോടെ ചൂടും വെളിച്ചവും നൽകി ആകർഷണീയമായി അവതരിപ്പിച്ചിട്ടുള്ളതാണു് ഈ ചിത്രം.

''ലോട്ടറിമേനോൻ'' എന്നാണു് ഭാസ്ക്കരമേനോനെ അറിയപ്പെടുന്നതു്. ചങ്ങനാശ്ശേരിയിലെ ഒരു ലോട്ടറി ടിക്കററു് വില്പന ഏജൻറാണയാരം. നാവിൽ സരസ്വതി വിളയാട്ടവും അല്പം സംഗീതവും ആശാനു് വശമാണു്. ടിക്കററു വില്പനക്കായി സ്ഥലത്തെ ഫോട്ടോഗ്രാഫറായ വേണുഗോപാലൻെറ ഫോട്ടോ സ്ററുഡിയോവിലും മേനോൻ ചെന്നു. മേനോൻെറ സർവ്വശക്തി മുഴുവനും പ്രകടിപ്പിച്ചെങ്കിലും ഭാഗ്യപരീക്ഷണത്തിൽ വലിയ വിശ്വാസമില്ലാത്ത വേണുഗോപാലൻ ടിക്കററെടുക്കാൻ വിസമ്മതിച്ചു. ഈ സന്ദർഭത്തിലാണു് ഒരു കോളേജ്കുമാരിയായ മാലതി ഫോട്ടോ എടുപ്പിക്കുന്നതിനുവേണ്ടി അവിടെ വന്നുചേരുന്നതു്. മാലതി ഒരു ടിക്കററു വേണുഗോപാലനുവേണ്ടി തിരഞ്ഞെടുത്തു. ടിക്കററിൻെറ വില കൊടുക്കാൻ വേണുഗോപാലൻ നിർബ്ബന്ധിതനായി.

പ്രൈസ്ലിസ്റ്റ് പുറത്തുവന്നപ്പോരം വേണുഗോപാലൻെറ ടിക്കററു് ഒന്നാംസമ്മാനം നേടിയിരിക്കുന്നതായി അറിയുന്നു! ടിക്കററു പരിശോധിക്കുവാൻ അയാരം ആഫീസിലേക്കു പാഞ്ഞു!! അയാളന്തംവിട്ടുപോയി. ടിക്കററു

നമ്പർ മാറിയിരിക്കുന്നു!! എങ്ങിനെ ഇതു സംഭവിച്ചു? മാലതി തിരഞ്ഞെടുത്ത ടിക്കററിന്ന് പ്രൈസടിച്ചതറിഞ്ഞു് അവളോടിയെത്തി. വിവരങ്ങളറിഞ്ഞു് ഇരുവരും നിരാശപ്പെട്ടു.

വേണുഗോപാലൻെറ ജോലിക്കാരറിയാതെ ഈ മാററം സംഭവിച്ചിരിക്കാൻ ഇടയില്ലെന്നു മാലതി ബലമായി സംശയിച്ചു. വേണുഗോപാലൻെറ അസിസ്റ്റൻറായ രാജമ്മായ മാലതി ചോദ്യംചെയ്തു. മാലതിയുടെ അതിരുകടന്ന ഇടപെടൽ രാജമ്മയ്ക്കു ഇഷ്ടമായില്ല. രാജമ്മയെ സംശയിച്ചതിൽ വേണുഗോപാലൻ ഖേദംപ്രകടിപ്പിച്ചെങ്കിലും തുടന്നു് അവിടെതന്നെ ജോലിചെയ്യാൻ അവരം തയ്യാറായില്ല. രാജമ്മ ജോലി രാജിവച്ചു.

ലോട്ടറി മേനോനെ സമീപിച്ച് വേണുഗോപാലൻ കാര്യങ്ങരം ഗ്രഹിപ്പിച്ചു, ടിക്കററു് ആക്കു കൊടുത്തുവെന്നും മററുമുള്ള ആധാരികമായ വിവരങ്ങരം ഒന്നുംതന്നെ മേനോൻെറ പക്കൽ ഇല്ലായിരുന്നു. എങ്കിലും അയാളുടെ ബുദ്ധിയിൽ മറെറാരുമാർഗ്ഗംതെളിഞ്ഞു. സമ്മാനം കിട്ടിയ വേണുഗോപാലനു് ഒരു സ്വീകരണം നൽകുന്നതിനു വേണ്ട ഏർപ്പാടുകരംചെയ്തു. ആ സമയം ടിക്കററു കൈവശക്കാരൻ അവിടെ എത്തിച്ചേരുമെന്നവർ പ്രതീക്ഷിച്ചു.

പക്ഷെ മീററിംഗ് നടന്നുകൊണ്ടിരിക്കുമ്പോരം ഒരു പോലീസ്ഇൻസ്പെക്ടർ അവിടെയെത്തി, വേണുഗോപാലനോട് പ്രൈസടിച്ച ടിക്കററു് ആവശ്യപ്പെടുകയാണുണ്ടായതു്. വേണുവും മേനോനും ഉണ്ടായ സംഭവങ്ങരം ഇൻസ്പെക്ടറെ അറിയിച്ചു. ഒരു ഓട്ടോമൊബൈൽ വക്ക്ഷോപ്പ് ഉടമസ്ഥനായ എസ്. ആർ. മേനോൻെറ പരാതി അനുസരിച്ച് അന്വേഷണത്തിനെത്തിയതായിരുന്നു ഇൻസ്പെക്ടർ. പ്രൈസടിച്ച 5555—ാം നമ്പർ ടിക്കററു് കോട്ടയത്തുനിന്നും വാങ്ങിയതാണെന്നും മാധവൻകുട്ടി എന്നൊ

രാം ആ സമയം തൻെറ കൂടെയുണ്ടായിരുന്നെന്നും മററും അയാറം പോലീസിൽ അറിച്ചിരുന്നു.

വേണുവും മേനോനും നിരാശരായി ഫോട്ടോസ്ററുഡിയോവിലേക്കു് മടങ്ങി.

മാലതിയുടെ സഹോദരനായിരുന്നു എസ്. ആർ. മേനോൻ. മാലതീ അറിയാതെ ഈ സംഭവം നടന്നിരിക്കയില്ലെന്നു് ലോട്ടറിമേനോൻ ഉറപ്പായി വിശ്വസിച്ചു. എസ്. ആർ. മേനോനെ തന്ത്രപരമായി സമീപിച്ചു് സത്യസ്ഥിതി മനസ്സിലാക്കുന്നതിനു് അയാറം തീരുമാനിച്ചു.

തൻെറ സഹോദരനു് ടിക്കററു എങ്ങിനെ കിട്ടിയെന്ന വിവരമറിയിക്കാനെത്തിയ മാലതിയെ അവളഭിനയിക്കുകയാണെന്നും കരുതിക്കൂട്ടിയുള്ള വഞ്ചനയാണിതെന്നും മററും പറഞ്ഞു് വേണു അവളെ ഭത്സിക്കുകയാണുണ്ടായതു്; അവളന്തംവിട്ടുപോയി.

സംഭമജനവും ആദ്യന്തം രസകരവുമായ ഭാഗങ്ങറം വെള്ളിത്തിരയിൽ കാണുക.

ജയമാരുതിയുടെ

# ലോട്ടറിടിക്കററ്

പാട്ടുകാരം: ശ്രീകുമാരൻതമ്പി

സംഗീതം: വി. ദക്ഷിണാമൂർത്തി

ഗാനം—1 പാടിയതു്—അടൂർഭാസി

ഒരു രൂപാനോട്ടുകൊടുത്താൽ
ഒരുലക്ഷം കൂടെപ്പോരും
ഭാരം താങ്ങിത്തളരുന്നവരെ
ഭാഗ്യം നിങ്ങളെ തേടിനടപ്പൂ
വരുവിൻ....നിങ്ങരം വരുവിൻ
മായമില്ലാ മന്ത്രമില്ല, ജാലവുമില്ല

(ഒരു....)

ലാട്ടറി'യായിനടന്നൊരു പയ്യൻ
കോട്ടയത്തുകാരൻ—അവൻ
നോട്ടൊരെണ്ണം മാററിച്ചെറിയൊരു
ലോട്ടറിക്കറിവാങ്ങീ
ഭാഗ്യംകയറിവരുന്നരഹസ്യം
പാവംപയ്യനറിഞ്ഞോ?
അമ്പിളിപോലൊരു പെണ്ണുംകെട്ടി
'ഇംപാലാ'യിൽ നടപ്പൂ—അവനി
ന്നിംപാലായിൽ നടപ്പൂ!

(വരുവിൻ....)

കാൽനടമാററാം സവാരിചെയ്യാൻ
കാറുവാങ്ങിക്കാം
വീക്കചെണ്ടപോൽ വീങ്ങിയപെണ്ണിനെ
ഉടനേകെട്ടിക്കാം!

പതിവായ് തോററുപഠിത്തം നിർത്തിയ
ഹിപ്പി ചെങ്ങാതി
പുതിയൊരു ട്യൂട്ടോറിയലതുടങ്ങാം
പ്രിൻസിപ്പാളാകാം!

(വരുവിൻ....)

ലക്ഷം രൂപാകയ്യിൽവന്നാൽ
കക്ഷികരം കക്ഷത്തിലായിടും
എലക്ഷനുനില്ലാം കാലൊന്നുമാററാം
മന്ത്രിയുമായിടാം—ചുളുവിൽ
മന്ത്രിയുമായിടാം

(ഒരുരൂപ....)

ഗാനം—2 പാടിയതു് —യേശുദാസ്

മനോഹരീനിൻ മനോരഥത്തിൽ,
മലരോട്ടമലർ തൂവും മണിമഞ്ചത്തേരിൽ
മയങ്ങുന്ന മണിവർണ്ണനാരോ....?
ആരാധകനാണോ....ഈ
ആരാധകനാണോ?

(മനോഹരി....)

ഹൃദയവതീനിൻെറ മധുരവനത്തിലെ
മലർവാടിയൊരുവട്ടം തുറക്കുകയില്ലേ?
അറിയാതെ പൊഴിയുന്ന മധുകണമെങ്കിലും
നുകരുവാനനുവാദം തരികയില്ലേ?
അധരദളപുടം നീ വിടർത്തിടുമ്പോരം
അതിലൊരു ശലഭമായ് ഞാനമരും

(മനോഹരീ....)

പ്രണയമയീ........
പ്രണയമയീ നിൻെറ മണിമുത്തുവീണയിലെ
കന്യകളെയുണർത്തുകില്ലേ? സ്വരരാഗ

അനുരാഗ മധുമാരി ചോരിയുമാസുന്ദരിമാർ
അനുകനാമെൻ കരളിൽ പടന്നിറങ്ങും
ഒരു സപ്നമങ്ങിനെ വിടന്നിടുമ്പോഴും
ഒരു യുഗജേതാവായ് ഞാൻവളരും
(മനോഹരീ....)

ഗാനം–3 പാടിയത് – യേശുദാസ്

പൂമിഴിയാൽ പുഷ്പാഭിഷേകം
പുഞ്ചിരിയാൽ പുളകാഭിഷേകം
ആരോമലേ നീ അരികത്തുവന്നാൽ
ആത്മവിലാകെ അമൃതാഭിഷേകം
(പൂമിഴി....)

മഴമേഘകാർകുന്തലിളകുന്ന പിന്നിൽ
മതിലേഖപോൽ നെററിതെളിയുന്നു മുന്നിൽ
തിരനോട്ടം നടത്തുന്നോരളകങ്ങളും തുള്ളി
കുളിർതെന്നലതിൽനിന്നു രോമാഞ്ചം നുള്ളി!
(പൂമിഴി....)

അരിമുല്ലച്ചിരി പൂക്കുമധരത്തിൽനിന്നും
അടരുന്ന കതിർമാല കടംവാങ്ങുവാനായ്
ഉയരുന്നുവോ, തിങ്ങിപ്പിടയുന്നുവോ നിൻ
മണിമാറിൽ മറയുന്ന തളിർപ്പങ്കജങ്ങളും?
(പൂമിഴി....)

ഗാനം–4 പാടിയത് – യേശുദാസ്

കുംഭമാസനിലാവുപോലെ
കുമാരിമാരുടെ ഹൃദയം
തെളിയുന്നതെപ്പോഴെന്നറിയില്ല
ഇരുളുന്നതെപ്പോഴെന്നറിയില്ല
(കുംഭ....)

ചന്ദ്രകാന്തക്കല്ലുപോലെ
ചാരുമുഖിതന്നധരം
ഉരുകുന്നതെപ്പോഴെന്നറിയില്ല
ഉറയ്ക്കുന്നതെപ്പോഴെന്നറിയില്ല
ചിരിക്കും ചിലപ്പോൾ
ചതിക്കും ചിലപ്പോൾ
കഥയാണതു വെറും കടങ്കഥ!

(കുംഭ....)

തെന്നലാട്ടും ദീപംപോലെ
സുന്ദരിമാരുടെ പ്രണയം
ആളുന്നതെപ്പോഴെന്നറിയില്ല
അണയുന്നതെപ്പോഴെന്നറിയില്ല
വിറയ്ക്കും ചിലപ്പോൾ
വിതുമ്പും ചിലപ്പോൾ
കഥയാണതുവെറും കടംകഥ!

(കുംഭ...)

ഗാനം — 5 പാടിയതു് — യേശുദാസും, പി. ലീലയും സംഘവും

കാവ്യനർത്തകി ചിലമ്പൊലിചാർത്തിയ
കലയുടെ നാടേ മലനാടേ!
കല്പനതൻ കളിവഞ്ചിപ്പാട്ടുകൾ
കല്ലോലിനികളായൊഴുകും നാടേ!

(കാവ്യനർത്തകി....)

മോഹമുണർത്തും മോഹിനിയാട്ടം
മോടിയിലാടും ദേവദാസികൾ
അമ്പലനടയിൽ തംബുരുമീട്ടി
അവിടെ വളർന്നു കൂടിയാട്ടവും കൂത്തും
കൈരളിയുണർന്നു·· കൈരളിയുണർന്നു....
കൈരളിയുണർന്നു....ഉണർന്നു

(കാവ്യനർത്തകി···)

കൃഷ്ണനാട്ടവും രാമനാട്ടവും
കഥകളിയായി വളൎന്നുപടൎന്നു
കേരളവൎമ്മയും തമ്പിയും പാടിയ
കേരളഗാഥകൾ കടലുകടന്നു പറന്നു
ലോകം കവൎന്നു...ലോകം കവൎന്നു...
ലോകം കവൎന്നു....കവൎന്നു
(കാവ്യനൎത്തകി...)

തിരുവാതിരയുടെ തിരമാലകളിൽ
മലയാളത്തിൻ മണിച്ചിരിപൊങ്ങി
പരിഹാസത്തിൽ മധുരത്തിൻകഥ
പാടിത്തുള്ളീ കുഞ്ചൻനമ്പ്യാർ!
പ്രിയതരമായ്...കിളിമൊഴിയിൽ...
(കാവ്യനൎത്തകി...)

ഗാനം—6 പാടിയതു് പി. ലീല

ഓരോ കനവിലും ഓരോനിനവിലും
ഒരേയൊരാളിനെയോൎമ്മിക്കും—ഞാൻ
ഒരേയൊരാളിനെയോൎമ്മിക്കും
ഓരോദിവസവും ഓരോനിമിഷവും
ഒരേയൊരാളിനായ് കാത്തിരിക്കും—ഞാൻ
ഒരേയൊരാളിനായ് കാത്തിരിക്കും!
(ഓരോ കനവിലും...)

ഒരു കടന്നപ്പൂക്കളുമായ്
ഓടിയെത്തും പൂങ്കാറേറ!
എൻപ്രിയതോഴൻ ചിരിക്കുന്നപോലെ
എന്തിനു കിളിവാതിൽ കിലുക്കി?
എന്നെ പരിഹസിക്കാനോ...?
(ഓരോകനവിലും...)

ഒരു പൊന്മുകിലിൻ യവനികനീക്കി
ഒളിഞ്ഞുനോക്കും ശശിലേഖേ!
പ്രിയതമനണയും മുമ്പേയെന്തിനു
വിദലിത സൂനങ്ങൾ വിതറി....?
—എന്നേപരിഹസിക്കാനോ....?
(ഓരോ കനവിലും....

ജയ്മാരുതി അവതരിപ്പിക്കുന്ന

# ലോട്ടറി ടിക്കററ്

◆◆◆◆◆◆◆◆◆

## അഭിനേതാക്കൾ

| | | |
|---|---|---|
| പ്രേംനസീർ | — | ഷീല |
| കെ. പി. ഉമ്മർ | — | സാധന |
| അടൂർഭാസി | — | ആറന്മുളപൊന്നമ്മ |
| ഗോവിന്ദൻകുട്ടി | — | മീന |
| ശങ്കരാടി | — | ശ്രീലത |
| ജി. കെ. പിള്ള | — | പ്രേമ |

ഭരതൻ—മുത്തുകുളം—ജോസ്പ്രകാശ് etc.

| | | |
|---|---|---|
| കഥ | — | വി. ദേവൻ |
| സംഭാഷണം | — | S. L. പുരം സദാനന്ദൻ |
| ഗാനരചന | — | ശ്രീകുമാരൻതമ്പി |
| സംഗീതം | — | വി. ദക്ഷിണാമൂർത്തി |
| ഫോട്ടോഗ്രാഫി | — | പി. ദത്തു് |

പിന്നണി:—

യേശുദാസ്, പി. ലീല, അടൂർഭാസി

സംവിധാനം: എ. ബി. രാജ്

നിർമ്മാണം: ററി.ഇ. വാസുദേവൻ

ഡി. കെ. പ്രസ്സ്, എറണാകുളം